# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *106 — 03.12.2015 -ലെ മറുപടിയ്ക്ക്

## ഇൻറർനാഷണൽ ഹയർ അക്കാദമിക് സോൺ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് ഇൻറർനാഷണൽ ഹയർ അക്കാദമിക് സോൺ ആരംഭിക്കുന്നതിന് തിരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഇൻറർനാഷണൽ ഹയർ അക്കാദമിക് സോൺ ആരംഭിക്കുന്നതിനുള്ള ശുപാർശ തത്വത്തിൽ അംഗീകരിച്ച് താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | അന്താരാഷ്ട്രതലത്തിൽ പ്രശസ്തരായ വിദേശ സർവ്വകലാശാലകളുമായി ചേർന്ന് അന്താരാഷ്ട്രതല ബിരുദ-ബിരുദാനന്തര കോഴ്സുകളും, സ്കിൽ അടിസ്ഥാനത്തിൽ അന്താരാഷ്ട്രതലത്തിലെ നവീനവും ഭാവിയുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന കോഴ്സുകൾ ചെലവ് കുറഞ്ഞ നിരക്കിൽ സംസ്ഥാനത്തിനകത്ത് ലഭ്യമാക്കാനും അതിലൂടെ പരോക്ഷമായി ഉന്നത വിദ്യാഭ്യാസ മേഖലയിലെ മേൻമ ഉയർത്താനും കഴിയുന്നതാണ്. കൂടാതെ സ്വദേശ-വിദേശ വിദ്യാർത്ഥികൾക്ക് ചെലവ് കുറഞ്ഞ തരത്തിൽ വിദേശ സർവ്വകലാശാലകളിലെ കോഴ്സുകൾ പഠിക്കുന്നതിന് സൗകര്യങ്ങൾ ലഭിക്കുന്നതിലൂടെ, കേരളം മികവുറ്റ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാകുന്നതുമാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ മേൽ നോട്ടത്തിനായി അക്കാദമിക് സിറ്റി അതോറിറ്റി രൂപീകരിക്കുന്നതിന് തിരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | അക്കാദമിക സിറ്റി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി "അക്കാദമിക് സിറ്റി ആക്ട്" എന്ന ഒരു നിയമം പാസ്സാക്കേണ്ടതുണ്ട്. ഇൻറർനാഷണൽ ഹയർ അക്കാദമിക് സോണിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക, വിദ്യാഭ്യാസ ഏജൻസികളുടെ ലൈസൻസ് പുതുക്കുക തുടങ്ങിയവ അക്കാദമിക് സിറ്റി അതോറിറ്റിയുടെ ചുമതലകളിൽപെടുന്നു. സംസ്ഥന ഉന്നത വിദ്യാഭ്യാസ വകുപ്പ്, |

| | | | |
|---|---|---|---|
| | | | സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ, യൂണിവേഴ്സിറ്റികൾ , ദേശീയ സ്ഥാപനങ്ങൾ, കേന്ദ്ര മാനവശേഷി മന്ത്രാലയം, കേന്ദ്ര വിദേശകാര്യവകുപ്പ് എന്നിവയുടെ പ്രതിനിധികളും അക്കാദമിക മേഖലയിൽ പ്രാവീണ്യം നേടിയ വ്യക്തികളും ഉൾപ്പെട്ടതായിരിക്കും അക്കാദമിക് സിറ്റി അതോറിറ്റി. |

**സെക്ഷൻ ഓഫീസർ**